7920
16/4/18

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ സൈറ്റ് എഞ്ചിനിയർ ഗ്രേഡ് II ആയി ജോലി ചെയ്തു വരവെ മരണപ്പെട്ട എം.ജ്യോതിഷ് കുമാറിന്റെ മകൾ ശ്രീമതി.ദേവിക.എസ്-ന് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

**സ.ഉ.(എം എസ്) നം.19/2018/സാം.കാ.വ തീയതി,തിരുവനന്തപുരം,13/04/2018**

പരാമർശം:- കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 09.01.2015, 02.11.2017 എന്നീ തിയതികളിലെ 1864/ഇ 2/14/കെ എസ് എഫ് ഡി സി നമ്പർ കത്തുകൾ

**ഉത്തരവ്**

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ സൈറ്റ് എഞ്ചിനിയർ ഗ്രേഡ് II ആയി ജോലി ചെയ്തു വരവെ മരണപ്പെട്ട എം.ജ്യോതിഷ് കുമാറിന്റെ മകൾ ശ്രീമതി.ദേവിക.എസ് ആശ്രിത നിയമന വ്യവസ്ഥയിൽ ജോലി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭ്യമാക്കിയതായും ടിയാൾക്ക് അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ നിയമനം നൽകാവുന്നതാണ് എന്നും പരാമർശ കത്തുകൾ പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അറിയിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ സൈറ്റ് എഞ്ചിനിയർ ഗ്രേഡ് II ആയി സേവനം ചെയ്തു വരവെ 17/05/2009 -ൽ അന്തരിച്ച എം.ജ്യോതിഷ് കുമാറിന്റെ സേവനം ക്രമവത്കരിച്ചു നൽകിയിട്ടില്ലെങ്കിലും, മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ, ചട്ടങ്ങളിൽ ഇളവുവരുത്തി, ആശ്രിത നിയമന പദ്ധതി പ്രകാരം ടിയാന്റെ മകളായ ശ്രീമതി.ദേവിക.എസ്-ന് പൊതുമേഖല സ്ഥാപനങ്ങളിലെ ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ പറയുന്ന മറ്റ് യോഗ്യതകൾ ഉണ്ടെങ്കിൽ കേരള സംസ്ഥാന ചലച്ചിത്ര കോർപ്പറേഷനിൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ ആശ്രിത നിയമനം നൽകുന്നതിന് കേരള സംസ്ഥാന ചലച്ചിത്ര കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. നിയമനം സംബന്ധിച്ച ഉത്തരവ് കേരള സംസ്ഥാന ചലച്ചിത്ര കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പുറപ്പെടുവിക്കേണ്ടതാണ്. അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ തെറ്റാണെന്നു ബോധ്യപ്പെടുന്ന പക്ഷം മേൽ നിയമനം റദ്ദാക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോർജ്ജ്
സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര കോർപ്പറേഷൻ, തിരുവനന്തപുരം
ശ്രീമതി.ദേവിക.എസ്, അംബാലയം, 25, തമ്പാനൂർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പ്ലാനിംഗ് & ഇക്കോണോമിക്ക് അഫേയ്സ് (ബി പി ഇ) വകുപ്പ് (18.02.2017 ലെ PLGEA-BPE2/28/2017-PLGEA പ്രകാരം)

GA(SC) വകുപ്പ് (11.04.2018 ലെ ഇനം നമ്പർ 2073 പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ്(സർക്കാർ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

248 314

രഹസ്യം

# കേരള സർക്കാർ

## 53. മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 11-04-2018**

ഫയൽ നം.229/എ3/2015/സാം.കാ.വ. ഇനം നം: 2073

വിഷയം : സാംസ്കാരിക കാര്യ വകുപ്പ് - കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ ശ്രീമതി. ദേവിക എസ്.-ന് ആശ്രിത നിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

പോൾ ആന്റണി
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്.

54 മുൻ ഖണ്ഡികയിലെ ഉത്തരവ് പ്രകാരം കരട് സ.ഉ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

ഗീത കെ.
അഡീഷണൽ സെക്രട്ടറി
സാംസ്കാരികകാര്യ വകുപ്പ്
ഗവ. സെക്രട്ടറിയേറ്റ്

റാണി ജോർജ്ജ് ഐ.എ.എസ്
ഗവൺമെന്റ് സെക്രട്ടറി
സാംസ്കാരിക കാര്യ വകുപ്പ്

# കേരള സർക്കാർ

## (ശ്രീ പിണറായി വിജയൻ മന്ത്രിസഭ)

## (മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്)

| | | |
|---|---|---|
| 1) | ഫയൽ നമ്പർ | 229/എ 3/2015/സാം.കാ.വ. |
| 2) | വകുപ്പ് | സാംസ്കാരിക കാര്യ (എ) വകുപ്പ് |
| 3) | വിഷയം | കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ ശ്രീമതി.ദേവിക എസ് ന് ആശ്രിത നിയമനം നൽകുന്നത് സംബന്ധിച്ച് |
| 4) | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 24/02/18 |
| | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ, സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ | ഉണ്ട് |
| | (ii) ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 6) | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7) | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.ഗീത.കെ |
| 8) | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീമതി.റാണി ജോർജ്ജ് |
| 9) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 22/03/18 |
| 10) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.പോൾ ആന്റണി |
| 11) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 24/03/18 |
| 12) | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. എ.കെ.ബാലൻ |
| 13) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 03/04/18 |
| 14) | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 09/04/18 |
| 15) | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16) | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ സൈറ്റ് എൻജിനിയർ ഗ്രേഡ്-II ജോലി ചെയ്തു വരവെ മരണപ്പെട്ട എം.ജ്യോതിഷ് കുമാറിന്റെ മകൾ ശ്രീമതി.ദേവിക.എസ് ന് ആശ്രിത നിയമനം നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) എം.ജ്യോതിഷ് കുമാറിന്റെ സർവ്വീസ് കെ.എസ്.എഫ്.ഡി.സി. ഡയറക്ടർ ബോർഡ് റഗുലറൈസ് ചെയ്തതായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. 30.09.2015 ലെ സ.ഉ (എം.എസ്) 29/2015/സാം.കാ.വ പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ 10 വർഷം പൂർത്തിയാക്കിയ ദിവസവേതനം/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന 53 പേരെ സ്ഥിരപ്പെടുത്തിയിരുന്നു. മേൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിലേയ്ക്കായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായപ്പോൾ എം.ജ്യോതിഷ് കുമാർ മരണപ്പെട്ടതിനാൽ ടിയാന്റെ പേര് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ സ്ഥിരപ്പെടുത്തുന്നവരുടെ പട്ടികയിൽ നിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ സമാനമായ സാഹചര്യത്തിൽ മരണമടഞ്ഞ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകി സർക്കാർ ഉത്തരവ് നൽകിയ കീഴ്വഴക്കം ഉള്ളതായി എം.ഡി, കെ.എസ്.എഫ്.ഡി.സി അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ശ്രീമതി.ദേവിക.എസ് ന്റെ അപേക്ഷ മാനേജിംഗ് ഡയറക്ടർ ശുപാർശ ചെയ്യുകയും അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ നിയമനം നൽകാവുന്നതാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ശ്രീമതി.ദേവിക.എസ് ന്റെ അപേക്ഷ തിരുവനന്തപുരം ജില്ലാ കളക്ടർ ശുപാർശ ചെയ്തിട്ടുമുണ്ട്.

3) ഫയൽ അഭിപ്രായത്തിനായി പ്ലാനിംഗ് വകുപ്പിലേയ്ക്ക് അയച്ചപ്പോൾ ആ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"The AD is informed that as per G.O(P)32/07/Plg dated 7/6/2007 only the dependents of those PSU employees who are appointed on regular basis are eligible for compassionate employment."

4) പ്രസ്തുത വിഷയത്തിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. വകുപ്പിന്റെ അഭിപ്രായം താഴെ രേഖപ്പെടുത്തുന്നു.

"കേരള പബ്ലിക്ക് സർവ്വീസസ് ആക്ട് 1958-ന്റെ പരിധിയിൽ വരുന്ന ജീവനക്കാരുടെ ആശ്രിത നിയമനം സംബന്ധിച്ച അഭിപ്രായമാണ് ഈ വകുപ്പിന്റെ അധികാര പരിധിയിൽ വരുന്നത്. കൂടാതെ PSU-കളിൽ സേവനമനുഷ്ഠിച്ചവരവെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതരുടെ നിയമനം നടത്തുന്നത് 7/06/07 ലെ G.O.(P) No.32/07/Plg നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ്. ആയതിനാൽ ഈ വിഷയത്തിൽ അഭിപ്രായം രേഖപ്പെടുത്തുന്നതിൽ ഈ വകുപ്പിന് പരിമിതിയുണ്ട്. എന്നിരുന്നാലും, മാനുഷിക പരിഗണനയുടെയും, സമാന കേസുകളിൽ ഭരണ വകുപ്പ് എടുത്തിട്ടുള്ള നിലപാടുകളുടെയും അടിസ്ഥാനത്തിൽ ഭരണ വകുപ്പിന് തന്നെ ഉചിതമായ തീരുമാനമെടുക്കാവുന്നതാണ്."

5) പ്രസ്തുത വിഷയം മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ സൈറ്റ് എൻജിനിയർ ഗ്രേഡ്-II ആയി ജോലി ചെയ്തു വരവെ 17.05.2009 ൽ

മരണപ്പെട്ട എം.ജ്യോതിഷ് കുമാറിന്റെ സർവ്വീസ് റെഗുലറൈസ് ചെയ്തിട്ടില്ലെങ്കിലും അദ്ദേഹത്തിന്റെ മകളായ ശ്രീമതി.ദേവിക.എസ്- ന് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ, ചട്ടങ്ങളിൽ ഇളവുവരുത്തി, ആശ്രിത നിയമന പദ്ധതി പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ, പൊതുമേഖല സ്ഥാപനങ്ങളിലെ ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ പറയുന്ന മറ്റ് യോഗ്യതകൾ ഉണ്ടെങ്കിൽ, അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ നിയമനം നൽകാവുന്നതാണോ?